**15 -ാം കേരള നിയമസഭ**

**9 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 813** **09-08-2023 - ൽ മറുപടിയ്ക്ക്**

**ന്യായവില സ്റ്റോറുകൾ ആരംഭിക്കാൻ നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. നജീബ് കാന്തപുരം | | ശ്രീ. വി.എൻ വാസവൻ<br>(സഹകരണ- രജിസ്ട്രേഷൻ വകുപ്പ് മന്ത്രി) | |
| (എ) | നിത്യോപയോഗ സാധനങ്ങളുടെ വിലക്കയറ്റം രൂക്ഷമായ സാഹചര്യത്തിൽ കുറഞ്ഞ വിലയിൽ അവ ലഭ്യമാക്കുന്നതിന് വേണ്ടി സഹകരണ ബാങ്കുകൾ മുഖേന പ്രത്യേക ന്യായവില സ്റ്റോറുകൾ ആരംഭിക്കുന്നതിന് നടപടി സ്വീകരിക്കുമോ എന്ന് വിശദമാക്കുമോ; | (എ) | പൊതുവിപണിയിൽ നിത്യോപയോഗ സാധനങ്ങളുടെ വില നിയന്ത്രിക്കുന്നതിന്റെ ഭാഗമായി നിലവിൽ സഹകരണ വകുപ്പിന്റെ കീഴിൽ കൺസ്യൂമർഫെഡിന്റെ ത്രിവേണി സ്റ്റോറുകൾ വഴിയും സഹകരണ സംഘങ്ങൾ നടത്തുന്ന നീതി സ്റ്റോറുകൾ വഴിയും പൊതുവിപണിയേക്കാൾ കുറഞ്ഞ നിരക്കിലാണ് സാധനങ്ങളുടെ വിതരണം നടത്തുന്നത്.<br><br>കൂടാതെ ഓണക്കാലത്ത് ഓണചന്തകൾ നടത്തുന്നതിന് കൺസ്യൂമർഫെഡിന് അനുമതി നൽകിയിട്ടുണ്ട്. ഉത്സവ സീസണുകളിൽ കൺസ്യൂമർഫെഡിന്റെ ആഭിമുഖ്യത്തിൽ ചന്തകൾ ആരംഭിക്കാറുണ്ട്. പൊതുവിപണിയിൽ മരുന്നുകളുടെ വില നിയന്ത്രിക്കുന്നതിന് കൺസ്യൂമർഫെഡ് നേരിട്ടും സഹകരണ സംഘങ്ങൾ വഴിയും നീതി മെഡിക്കൽ സ്റ്റോറുകൾ നടത്തി വരുന്നുണ്ട്. സഹകരണ സംഘങ്ങളുടെ കീഴിൽ പുതുതായി നീതി സ്റ്റോറുകളും നീതി മെഡിക്കൽ സ്റ്റോറുകളും ആരംഭിക്കുന്നതിന് സഹകരണ സംഘങ്ങൾ നൽകുന്ന അപേക്ഷ പരിശോധിച്ച് കൂടുതൽ ന്യായവില സ്റ്റോറുകൾ ആരംഭിക്കുവാൻ അനുമതി നൽകുന്നതാണ്. |
| (ബി) | ഇത്തരം സ്റ്റോറുകൾ ആരംഭിക്കുന്നതിന് സഹകരണ സ്ഥാപനങ്ങൾക്ക് പ്രത്യേക അനുമതി നൽകുന്ന കാര്യം പരിഗണനയിലുണ്ടോ എന്ന് വിശദമാക്കുമോ? | (ബി) | പൊതുവിപണിയിൽ നിത്യോപയോഗ സാധനങ്ങളുടെ വില നിയന്ത്രിക്കുന്നതിന്റെ ഭാഗമായി നിലവിൽ സഹകരണ വകുപ്പിന്റെ കീഴിൽ കൺസ്യൂമർഫെഡിന്റെ ത്രിവേണി സ്റ്റോറുകൾ വഴിയും സഹകരണ സംഘങ്ങൾ നടത്തുന്ന നീതി സ്റ്റോറുകൾ വഴിയും പൊതുവിപണിയേക്കാൾ കുറഞ്ഞ നിരക്കിലാണ് സാധനങ്ങളുടെ വിതരണം നടത്തുന്നത്.<br><br>കൂടാതെ ഓണക്കാലത്ത് ഓണചന്തകൾ നടത്തുന്നതിന് കൺസ്യൂമർഫെഡിന് അനുമതി നൽകിയിട്ടുണ്ട്. ഉത്സവ സീസണുകളിൽ കൺസ്യൂമർഫെഡിന്റെ ആഭിമുഖ്യത്തിൽ ചന്തകൾ |

| | | | |
|---|---|---|---|
| | | | ആരംഭിക്കാറുണ്ട്. പൊതുവിപണിയിൽ മരുന്നുകളുടെ വില നിയന്ത്രിക്കുന്നതിന് കൺസ്യൂമർഫെഡ് നേരിട്ടും സഹകരണ സംഘങ്ങൾ വഴിയും നീതി മെഡിക്കൽ സ്റ്റോറുകൾ നടത്തി വരുന്നുണ്ട്. സഹകരണ സംഘങ്ങളുടെ കീഴിൽ പുതുതായി നീതി സ്റ്റോറുകളും നീതി മെഡിക്കൽ സ്റ്റോറുകളും ആരംഭിക്കുന്നതിന് സഹകരണ സംഘങ്ങൾ നൽകുന്ന അപേക്ഷ പരിശോധിച്ച് കൂടുതൽ ന്യായവില സ്റ്റോറുകൾ ആരംഭിക്കുവാൻ അനുമതി നൽകുന്നതാണ്. |

സെക്ഷൻ ഓഫീസർ